ടൂറിസ്റ്റ് കേന്ദ്രങ്ങൾ

378 (1068) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപങ്ങളും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനായി 50 പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണെന്ന് 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; പ്രസ്തുത കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ ഓരോന്നിനും എത്ര തുക വീതം നീക്കി വച്ചിരുന്നതായും ചെലവഴിക്കപ്പെട്ട തുക എത്ര വീതമെന്നും അറിയിക്കുമോ;

(സി) ടൂറിസ്റ്റ് കേന്ദ്രവികസനപദ്ധതിയിൽ നാളിതു വരെ നേടിയ പുരോഗതി അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2012-13 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) ഓരോന്നിനും പ്രത്യേകമായി തുകയൊന്നും നീക്കിവച്ചിട്ടില്ല. തുകയൊന്നും ചെലവഴിച്ചിട്ടില്ല.

അതിരപ്പിള്ളി ടൂറിസം

379 (1069) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളിയിൽ ടൂറിസം ഫെസിലിറ്റേഷൻ സെന്ററും കാർ റോപ്പ് വേയും സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നടപടി ഏതു ഘട്ടത്തിലാണ്;

(ബി) മുൻ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന അതിരപ്പിള്ളി - കാലടി-മലയാറ്റൂർ ടൂറിസം സർക്യൂട്ട് യഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly